KERALA UNIVERSITY OF HEALTH SCIENCES
കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

www.kuhs.ac.in

P.R. No.159/2026 Thrissur, 15/08/2026

# പത്രക്കുറിപ്പ്

## കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ സ്വാതന്ത്ര്യദിനം ആചരിച്ചു

തൃശ്ശൂർ: കേരള ആരോഗ്യശാസ്ത്ര സർവകലാശാല (KUHS) സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. സർവകലാശാല രജിസ്ട്രാർ പ്രൊഫ. ഡോ. എസ്. ഗോപകുമാർ ദേശീയപതാക ഉയർത്തി. പരീക്ഷാ കൺട്രോളർ ഡോ. എസ്. അനിൽകുമാർ, ഡീൻ റിസർച്ച് ഡോ. കെ. എസ്. ഷാജി, ഡീൻ അക്കാദമിക് ഡോ. ആർ. ബിനോജ്, ഡീൻ സ്റ്റുഡന്റ്സ് അഫയേഴ്സ് ഡോ. ആർ. ആശിഷ്, ഫിനാൻസ് ഓഫീസർ ശ്രീ എം. എസ്. സുധീർ എന്നിവർ ഉൾപ്പെടെ സർവകലാശാലയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

വിദേശ ശക്തികളുടെ അധീനതയിൽനിന്ന് രാജ്യം സ്വാതന്ത്ര്യം നേടിയെങ്കിലും ചിന്തയുടെയും പ്രവർത്തനങ്ങളുടെയും പൂർണ സ്വാതന്ത്ര്യം ഇനിയും കൈവരിക്കേണ്ടതുണ്ടെന്ന് പ്രൊഫ. ഡോ. എസ്. ഗോപകുമാർ പറഞ്ഞു.

അനാരോഗ്യം, മാനസിക സമ്മർദ്ദം, ലഹരി ഉപയോഗം തുടങ്ങി നിരവധി ഘടകങ്ങൾ വ്യക്തിയുടെ ചിന്തയെയും സ്വതന്ത്രമായ ആവിഷ്കാരത്തെയും പരിമിതപ്പെടുത്തുന്നുണ്ട്. ഇത്തരം നിയന്ത്രണങ്ങളിൽനിന്ന് മോചനം നേടി ചിന്തയിലും പ്രവർത്തനങ്ങളിലും സമ്പൂർണ സ്വാതന്ത്ര്യം അനുഭവിക്കാൻ ഓരോരുത്തർക്കും കഴിയണമെന്നും അദ്ദേഹം പറഞ്ഞു. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം മറ്റുള്ളവർക്ക് ബുദ്ധിമുട്ടോ ദുരിതമോ ഉണ്ടാക്കുന്നതാകരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും സാധ്യമായ എല്ലാ വിധത്തിലും പിന്തുണ നൽകുകയും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കി സൗകര്യപ്രദമായ ജീവിതം നയിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും സഹായിക്കുക എന്നതാണ് കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

Sd/-
Registrar